പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2837. 17.06.2019 ൽ മറുപടിയ്ക്ക്

## ഇതരസംസ്ഥാന തൊഴിലാളികളിലെ മയക്കുമരുന്ന് ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഭൂരിപക്ഷം ഇതരസംസ്ഥാന തൊഴിലാളികളും മയക്കുമരുന്നുകൾക്ക് അടിമയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇവരുടെ ഇടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണവും 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ പ്രത്യേക പരിശോധനകളും നടത്തിവരുന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകളും മറ്റ് ലഹരി വസ്തുക്കളും കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തേയ്ക്ക് മയക്കുമരുന്ന് കടത്തിക്കൊണ്ടു വരുന്നത് കണ്ടുപിടിക്കുന്നതിന് ട്രെയിനുകളിൽ ആർ.പി.എഫ്., റെയിൽവേ പോലീസ് എന്നിവരുമായി ചേർന്ന് പരിശോധനകൾ നടത്തുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ